Draft #7 of File 49181/AC A1/2/2019/REG SECT Approved by ASSISTANT REGISTRAR I (ACADEMIC) on 07-Mar-2020 05:04 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY, KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

അഫിലിയേറ്റഡ് കോളേജുകളിൽ നിന്നും ലഭിക്കേണ്ട ഫീസുകൾ യഥാസമയം സർവകലാശാല ഫണ്ടിൽ ഒടുക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനും, തുടർനടപടികൾ സ്വീകരിക്കുന്നതിനും 25.02.2020 തീയതിയിൽ രജിസ്ട്രാറുടെ ചേംബറിൽ കൂടിയ യോഗത്തിന്റെ നടപടികുറിപ്പുകൾ അംഗീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 1395/AC A 1/2020/എം.ജി.യു    പ്രിയദർശിനി ഹിൽസ്,തീയതി: 09.03.2020

---

*പരാമർശം:*-1.25.02.2020 തീയ്യതിയിൽ രജിസ്ട്രാറുടെ ചേംബറിൽ കൂടിയ യോഗത്തിന്റെ നടപടികുറിപ്പുകൾ.

2. സർവകലാശാല ഉത്തരവ് നം. 6378/ACA1/2019/എം.ജി.യു., തീയതി 12.12.2019
3. സർവകലാശാല ഉത്തരവ് നം. 6689/ACA1/2019/എം.ജി.യു., തീയതി 27.12.2019
4. സർവകലാശാല ഉത്തരവ് നം.69/ACA1/2020/എം.ജി.യു., തീയതി 04.01.2020

**<u>ഉത്തരവ്</u>**

സർവകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന അഫിലിയേറ്റഡ് കോളേജുകളിൽ നിന്നും 2010 മുതൽ 2020 വരെയുള്ള കാലയളവിൽ ലഭിക്കേണ്ട ഫീസുകൾ യഥാസമയം സർവകലാശാല ഫണ്ടിൽ ഒടുക്കിയിട്ടുള്ളത് പരിശോധിക്കുന്നതിനായും, അല്ലാത്തപക്ഷം തുടർനടപടികൾ സ്വീകരിക്കുന്നതിനും, പരീക്ഷ ഭരണ വിഭാഗങ്ങളിൽ നിന്നും ലഭ്യമാക്കേണ്ട വിവരങ്ങൾ യഥാസമയം ലഭ്യമാകുന്നതും സംബന്ധിച്ച വിഷയങ്ങൾ 25.02.2020 ൽ രജിസ്ട്രാറുടെ ചേമ്പറിൽ ചേർന്ന യോഗം ചർച്ചചെയ്യുതിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) പ്രകാരം കൂടിയ യോഗത്തിൽ ചർച്ച ചെയ്യുകയുണ്ടായി. പ്രസ്തുത യോഗം മേൽ പരാമർശം പ്രകാരം നൽകിയ താഴെ പറയുന്ന ശുപാർശകൾ അംഗീകരിച്ചുകൊണ്ട് വൈസ് ചാൻസിലർ (i/c) ഉത്തരവായിരിക്കുന്നു.

1. കഴിഞ്ഞ 10 വർഷത്തെ DCB Statements സർവകലാശാല നിർദേശമനുസരിച്ച സമർപ്പിച്ചിട്ടുള്ള കോളേജുകളുടെ ഇൻസ്പെക്ഷൻ നടപടികളുമായി ACA I / ACAVII സെക്ഷനുകൾക്കു മുന്നോട്ടു പോകുവാൻ നിർദേശം നൽകുക .
2. 2010 മുതൽ 2020 വരെ രജിസ്റ്റർ ചെയ്തിട്ടുള്ള ഫീസ് ഇളവ് ലഭിച്ച വിദ്യാർത്ഥികളുടെ പട്ടിക തയ്യാറാക്കി അടിയന്തിരമായി ഇന്റേർണൽ ഓഡിറ്റ് സെക്ഷന് കൈമാറുന്നതിനായി DR-V (CETEX)- നെ ചുമതലപെടുത്തിയിരിക്കുന്നു. പ്രസ്തുത ലിസ്റ്റ് പ്രകാരം സർവകലാശാലയ്ക്കു ലഭിക്കേണ്ടതായ തുക കോളേജുകളിൽ നിന്നും ഈടാക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കുന്നതിന് ഇന്റേർണൽ ഓഡിറ്റ് സെക്ഷനുകളെ ചുമതലപെടുത്തുക .
3. കോളേജുകൾ വിവിധ കോഴ്സുകളുടെ പരീക്ഷ ഫീസുകൾ ഒരുമിച്ചു അടയ്ക്കുന്നത് അക്കൗണ്ടിംഗിന് പ്രയാസം സൃഷ്ടിക്കുന്നതിനാൽ സമർപ്പിക്കുന്ന ഫീസ് രസീതുകളിൽ, ഒടുക്കുന്ന തുകകൾ ഇനം തിരിച്ചു കാണിക്കേണ്ടതുണ്ട് എന്നും ഓരോ കോഴ്സിന്റേയും പരീക്ഷ ഫീസുകൾ പ്രത്യേകം പ്രത്യേകമായി ഒടുക്കി രസീത് ഹാജരാക്കേണ്ടതാണ് എന്നും കോളേജുകൾക്ക് നിർദേശം നൽകേണ്ടതാണ്.
4. വിദ്യാർത്ഥികൾ സർവകലാശാലയിൽ ഓൺലൈൻ മുഖേന ഫീസ് അടയ്ക്കുമ്പോൾ വിവിധ തുകകൾ

ഒരുമിച്ചു ഒറ്റ തുകയായിട്ടാണ് രസീതിൽ കാണിക്കുന്നത്. അതിനു പരിഹാരമായി ഒരു രസീതിൽ ഒടുക്കുന്ന വിവിധ തുകകൾ ഇനം തിരിച്ചു രസീതിൽ ലഭ്യമാകുന്ന രീതിയിൽ ഓൺലൈൻ പേയ്മെന്റ് സംവിധാനത്തിൽ മാറ്റം വരുത്തേണ്ടതാണെന്നും, വിദ്യാർത്ഥി ഒടുക്കിയിട്ടുള്ള വിവിധ തുകകൾ ഏതൊക്കെയെന്ന് സെക്ഷനിൽ മനസിലാക്കുന്നതിനും അവ പരിശോധിക്കുന്നതിനും ഇതുവഴി സാധ്യമാകുന്നതാണെന്നും യോഗം വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ ഇതിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതിന് സിറ്റാഡ് സെക്ഷനെ ചുമതലപ്പെടുത്തുക .

5. സർവകലാശാല എക്സാം കലണ്ടറിൽ അതാതു വർഷം നിലവിലുള്ള ഫീസ് വിവരങ്ങൾ ഉൾപെടുത്തുക .
6. ഫീസ് ആനുകൂല്യങ്ങളുമായി ബന്ധപ്പെട്ട എല്ലാ സർക്കാർ ഉത്തരവുകളും ശേഖരിക്കുന്നതിന് സർവകലാശാല ലെയ്സൺ ഓഫീസറായ ശ്രീ. ഉദയകുമാർ.ജി (സെക്ഷൻ ഓഫീസർ,ഇ.ഐ -34) -യെ ചുമതലപ്പെടുത്തുക
7. സ്വയംഭരണ കോളേജുകളുടെയും ഫീസ് കുടിശിക, മറ്റു കോളേജുകളിൽ നിന്നും ഈടാക്കുന്നതുപോലെ തന്നെ ഈടാക്കുക .

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

സനൽകുമാർ ടി വി

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1.അഫിലിയേറ്റഡ് കോളേജുകൾ .
2.വി സി / പി വി സി / എന്നിവരുടെ പി.എസ് മാർ.
3.രജിസ്ട്രാർ /എഫ്ഒ / സി ഇ എന്നിവരുടെ പി എ മാർ.
4.ജെ ആർ /ഡി ആർ /എ ആർ (അക്കാഡമിക്/പരീക്ഷ/ഫിനാൻസ്).
5. DR 5(Exam)/ എസി എ7/ ഇഎ 1/2
6. ഉദയകുമാർ ജി., സെക്ഷൻ ഓഫീസർ, ഇ.ഐ. 34
7.സിറ്റാഡ് / ഐകയൂഎസി / പി ആർ ഒ / അന്വേഷണം / കണ്ടെന്റ് മാനേജ്മെന്റ് സെൽ.
8.എ സി സി 1/എ സി സി 2/എ റ്റി ആർ /എസി ബി 6 /എസിബി 7/എസിബി 8.
9.ഇന്റേണൽ ഓഡിറ്റ്1/ 2 / അക്കൗണ്ട്സ് iii/അക്കൗണ്ട്സ് v / വിവിധ അക്കാഡമിക് സെക്ഷനുകൾ
10.കരുതൽ ഫയൽ/റെക്കോർഡ്സ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #7 of File 49181/AC A1/2/2019/REG SECT Approved by ASSISTANT REGISTRAR I (ACADEMIC) on 07-Mar-2020 05:04 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം